സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

നമ്പർ: 750/2024.

അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം, നിലക്കൽ

തീയ്യതി: 06/01/2024

സ്വീകർത്താവ്,

**എക്സിക്യൂട്ടീവ് എഞ്ചിനീയർ**
എസ്റ്റേറ്റ് ഡിവിഷൻ
തിരുവിതാംകൂർ ദേവസ്വം ബോർഡ്
തിരുവനന്തപുരം

വിഷയം: കൊല്ലവർഷം 1199 ശബരിമല മകരവിളക്ക് മഹോത്സവവുമായി ബന്ധപ്പെട്ട നിലക്കലിലെ പാർക്കിംഗ് വിപുലീകരിക്കുന്നതിൻറെ ഭാഗമായി റബ്ബർ മരങ്ങൾ ലേലം ചെയ്ത് മുറിച്ച മാറ്റുന്നത് സംബന്ധിച്ച് :

സൂചന: 1)ചീഫ് എഞ്ചിനീയറുടെ 04/01/2024 തീയതിയിലെ CE/EO/Auctn/2024/18 നമ്പർ ഉത്തരവ്.

2) എക്സിക്യൂട്ടീവ് എൻജിനീയർ, പത്തനംതിട്ട യുടെ 05/01/2024 തീയതിയിലെ ഇ മെയിൽ മുഖാന്തിരമുള്ള ഉത്തരവ്

സർ,

കൊല്ലവർഷം 1199 ശബരിമല മകരവിളക്ക് മഹോത്സവവുമായി ബന്ധപ്പെട്ട നിലയ്ക്കലിൽ അയ്യപ്പന്മാരുടെ അഭൂതപൂർവമായ തിരക്കാണ് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നത്. മകരവിളക്കിന് മുന്നോടിയായി നിലവിലുള്ള പാർക്കിംഗ് സൗകര്യങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി അടിയന്തിരത്തിൽ മുറിച്ചുമാറ്റേണ്ട 360 എണ്ണം റബ്ബർ മരങ്ങളുടെ സർവ്വേ റിപ്പോർട്ട് സൂചന (1) പ്രകാരം അനുമതി ലഭിച്ചിട്ടുള്ളതാണ്.മകരവിളക്കിന് ദിവസങ്ങൾ മാത്രം ശേഷിക്കുന്നതിനാൽ അടിയന്തിരത്തിൽ ടി റബ്ബർ മരങ്ങൾ ലേലം ചെയ്ത് മുറിച്ചുമാറ്റുന്നതിന് ഈ ആഫിസിനെ ചുമതലപ്പെടുത്തി സൂചന (2) പ്രകാരം ഉത്തരവ് ലഭിച്ചിട്ടുള്ളതുമാണ്, ആയതിന്റെ അടിസ്ഥാനത്തിൽ നിലക്കൽ ദേവസ്വത്തിൽ വെച്ച് 08/01/2024 ൽ പരസ്യ ലേലം നടത്തുവാൻ തീരുമാനിച്ചിട്ടുള്ളതാണ്. ലേല പരസ്യം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ആയത് ഡിപ്പാർട്മെന്റ് സൈറ്റിൽ പബ്ലിഷ് ചെയ്യുന്നതിന് താത്പര്യപ്പെടുന്നു..

വിശ്വസ്തതയോടെ

**അസിസ്റ്റന്റ് എഞ്ചിനീയർ**
എസ്.ഡി.പി, നിലക്കൽ
(ഇൻ-ചാർജ്ജ്)

aenilackal@gmail.com

'SWAMY SARANAM'

# TRAVANCORE DEVASWOM BOARD

OFFICE OF THE ASSISTANT ENGINEER, SDP, NILACKAL

## ലേലപരസ്യം

തിരുവിതാംകൂർ ദേവസ്വം ബോർഡിൻറെ ഉടമസ്ഥതയിലുള്ള നിലക്കൽ ബേസ് ക്യാമ്പിൽ കൊല്ലവർഷം 1199 മണ്ഡലം മകരവിളക്ക് മഹോത്സവവുമായി ബന്ധപ്പെട്ട് മകരവിളക്കിന് ഉണ്ടാകുന്ന തിരക്ക് പരിഗണിച്ച് കൂടുതൽ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കുന്നതിന് തടസ്സമായി നിൽക്കുന്ന പാർക്കിംഗ് നമ്പർ -7 ,16 &17 എന്നിവിടങ്ങളിലെ ശിഖരങ്ങളോട് കൂടിയ 360 എണ്ണം റബ്ബർ മരങ്ങൾ ചീഫ് എഞ്ചിനിയർ അംഗീകരിച്ച ലേല തുകയായ 3,93,615/- രൂപ (CE/EO/Auctn/2024/18 തീയതി 04/01/2024) മുതൽ 08/01/2024 പകൽ 2 മണിക്ക് നിലക്കൽ ദേവസ്വത്തിൽ വെച്ച് പരസ്യമായി ലേലം ചെയ്യുവാൻ തീരുമാനിച്ചിരിക്കുന്നു.ഇതോടനുബന്ധിച്ച് ക്വട്ടേഷൻ നൽകുവാൻ ഉദ്ദേശിക്കുന്നവർ സീൽഡ് കവറിൽ ക്വട്ടേഷൻ പകൽ 12.30 ന് മുൻപായി നിലക്കൽ ദേവസ്വത്തിൽ സമർപ്പിക്കേണ്ടതാണ്.താമസിച്ച് ലഭിക്കുന്ന ക്വട്ടേഷനുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ പകൽ 12.30 ന് മുൻപായി നിലക്കൽ ദേവസ്വത്തിൽ 10000/- രൂപ കെട്ടിവെച്ച് പേരുകൾ രെജിസ്റ്റർ ചെയ്യേണ്ടതാണ്. ലേലത്തിൽ/ ക്വട്ടേഷനിൽ പങ്കെടുക്കുന്നവർക്ക് മേല്പടി മരങ്ങൾ ആഫീസ് സമയങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ അനുവാദത്തോടെ നേരിൽ കാണാവുന്നതാണ്. ലേല നടപടികൾക്ക് ശേഷം സീൽ ചെയ്ത ക്വട്ടേഷനുകൾ തുറക്കുന്നതും, ലേലത്തിൽ / ക്വട്ടേഷനിൽ ഏറ്റവും കൂടുതൽ തുക ക്വാട്ട് ചെയ്തിരിക്കുന്ന ആളിന്റെ പേരിൽ ലേലം/ ക്വട്ടേഷൻ ഉറപ്പിക്കുന്നതും, വിജയിയായ ലേലക്കാരൻ / ക്വട്ടേഷൻകാരൻ അന്നേദിവസം തന്നെ 18 % GST അടക്കം മുഴുവൻ തുകയും കെട്ടി വെക്കേണ്ടതും, അനുവാദം ലഭിക്കുന്ന മുറയ്ക്ക് അടിയന്തിരത്തിൽ 2 ദിവസത്തിനകം കേടുപാടുകൾ വരുത്താതെ മരങ്ങൾ തറനിരപ്പിൽ നിന്നും മുറിച്ച് മാറ്റേണ്ടതുമാണ്.ലേലം / ക്വട്ടേഷൻ സ്ഥിരപ്പെടുത്തുന്നതിനും, യാതൊരു കാരണവും കൂടാതെ നിരസിക്കുന്നതിനും, മാറ്റിവെക്കുന്നതിനുമുള്ള പൂർണ്ണ അധികാരം ഡിപ്പാർട്മെന്റിൽ നിക്ഷിപ്തമായിരിക്കും.തിരുവിതാംകൂർ ദേവസ്വം ബോർഡിൻറെ നിലവിലുള്ള എല്ലാ ലേല / ക്വട്ടേഷൻ വ്യവസ്ഥകളും ടി ലേലത്തിനും ബാധകമായിരിക്കും.കൂടുതൽ വിവരങ്ങൾക്ക് നിലക്കൽ അസിസ്റ്റന്റ് എഞ്ചിനിയർ ആഫീസുമായി ബന്ധപ്പെടേണ്ടതാണ്. ( ഫോൺ നമ്പർ: 9207839574, 8281079100, 9495438567 )

Sd/-

അസിസ്റ്റന്റ് എഞ്ചിനീയർ
നിലക്കൽ.

aenilackal@gmail.com